"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - വിശാല കൊച്ചി വികസന അതോറിറ്റിയിലെയും ഇതേ മാതൃകയിലുള്ള മറ്റ സ്ഥാപനങ്ങളിലേയും ക്ലീനിംഗ്, ഹൗസ് കീപ്പിംഗ്, ലാന്റ് സ്കേപ്പിംഗ് ജോലികളുടെ നിർവ്വഹണം - ടെണ്ടർ/ക്വട്ടേഷൻ നടപടികൾ ഒഴിവാക്കി കുടുംബശ്രീയെ ചുമതലപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.2003/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 17/09/2019

---

പരാമർശം:- 1 കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 19.07.2019, 27.07.19 എന്നീ തീയതികളിലെ 1152/ഡി1/2016/കെ.എസ്.എച്ച്.ഒ. നം. കത്ത്

2 വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 30.07.2019 ൽ ചേർന്ന യോഗത്തിലെ തീരുമാനം 4.32

**ഉത്തരവ്**

വിശാല കൊച്ചി വികസന അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള ജവഹർലാൽ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയം, കടവന്ത്ര ജി.സി.ഡി.എ. ഓഫീസ് തുടങ്ങിയ ഇടങ്ങളിൽ ക്ലീനിംഗ്, പൂന്തോട്ട പരിപാലനം എന്നീ ജോലികൾ നിർവ്വഹിക്കുന്നതിനായി കുടുംബശ്രീയെ ചുമതലപ്പെടുത്താൻ താല്പര്യമുണ്ടെന്ന് അതോറിറ്റി കുടുംബശ്രീയെ അറിയിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനായി കുടുംബശ്രീയെ ടെണ്ടർ/ക്വട്ടേഷൻ നടപടികളിൽ നിന്നും ഒഴിവാക്കണമെന്നും അപ്രകാരം ചെയ്യുന്നത് നിരവധി വനിതകൾക്ക് വരുമാനം ലഭിക്കുന്നതിനും മറ്റ് സ്ഥാപനങ്ങളിൽ നിന്നും സമാനമായ വർക്ക് ഓർഡറുകൾ ലഭിക്കുന്നതിനും സഹായകമാകുമെന്നും കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

(2) 30.07.2019 ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി ഇക്കാര്യം പരിഗണിക്കുകയും വിശാല കൊച്ചി വികസന അതോറിറ്റിയിലേയും ഇതേ മാതൃകയിലുള്ള മറ്റ സ്ഥാപനങ്ങളിലെയും ക്ലീനിംഗ്, ഹൗസ് കീപ്പിംഗ്, ലാന്റ് സ്കേപ്പിംഗ് ജോലികളുടെ നിർവ്വഹണം ടെണ്ടർ/ക്വട്ടേഷൻ നടപടികൾ ഒഴിവാക്കി കുടുംബശ്രീയെ ചുമതലപ്പെടുത്തുന്നതിന് അനുമതി നൽകാൻ പരാമർശം(2) പ്രകാരം തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വികേന്ദ്രികൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ പരാമർശം (2) തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വിശാല കൊച്ചി വികസന അതോറിറ്റിയിലെയും ഇതേ മാതൃകയിലുള്ള മറ്റ സ്ഥാപനങ്ങളിലെയും ക്ലീനിംഗ്, ഹൗസ് കീപ്പിംഗ്, ലാന്റ് സ്കേപ്പിംഗ് ജോലികളുടെ നിർവ്വഹണം ടെണ്ടർ/ക്വട്ടേഷൻ നടപടികൾ ഒഴിവാക്കി കുടുംബശ്രീയെ ചുമതലപ്പെടുത്തുന്നതിന് അനുമതി നൽകി ഉത്തരവ്

പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**മിനിമോൾ ഡി**

**ജോയിന്റ് സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ

സെക്രട്ടറി, വിശാലകൊച്ചി വികസന അതോറിറ്റി

എല്ലാ വികസന അതോറിറ്റികൾക്കും (എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്/എൽ.ബി.എ/&ഇ)തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ(വെബ്&ന്യൂ മീഡിയ)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ